**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.814** **28.02.2018-ൽ മറുപടിക്ക്**

**സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്കെതിരെയുള്ള തൊഴിൽ ചൂഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, കെ.മുരളീധരൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ട്രെയിനിംഗ് വ്യവസ്ഥ ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ബോണ്ട് വ്യവസ്ഥയും ട്രെയിനിംഗ് വ്യവസ്ഥയും നിരോധിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവായിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നൽകിയ നിർദ്ദേശം എന്തായിരുന്നു; അത് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) ബോണ്ട് വ്യവസ്ഥ അവസാനിപ്പിച്ചിട്ടുള്ളതായി ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ ബോധിപ്പിച്ചിട്ടുള്ളതായി ബഹു:സുപ്രീംകോടതി ട്രെയിൻഡ് നഴ്സിംഗ് അസോസിയേഷൻ Vs യൂണിയൻ ഓഫ് ഇന്ത്യ (WP(c) 527/2011) എന്ന കേസിലെ 29.01.2016 തീയതിയായ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. 29.01.16 ലെ ബഹു:സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ തൊഴിൽ വകുപ്പിന് നിർദ്ദേശമൊന്നും നൽകിയിട്ടില്ല. |
| (സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാരെ ട്രെയിനികൾ എന്ന പേരിൽ വർഷങ്ങളോളം നിലനിർത്തി തൊഴിൽപരമായി ചൂഷണം ചെയ്യുന്നത് തടയുവാൻ എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (സി) പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരു വർഷം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. പ്രാക്ടിക്കൽ ട്രെയിനിംഗ് നടത്തുന്ന സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 25 ശതമാനത്തിലധികം ട്രെയിനികൾ പാടില്ലാത്തതാകുന്നു എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ട്രെയിനികൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് മിനിമം വേതനം, ആനുകൂല്യങ്ങൾ, നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുന്നില്ല എന്ന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും സ്ഥാപന |

പരിശോധനകളിലൂടെ ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 27/05/2017-ന് സംസ്ഥാനത്തെ 100 സ്വകാര്യ ആശുപത്രികളിൽ തൊഴിൽ വകുപ്പ് സ്പെഷ്യൽ പരിശോധന നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | വകുപ്പിന്റെ നേതൃത്വത്തിൽ സ്വകാര്യ ആശുപത്രികളിൽ മിന്നൽ പരിശോധന നടത്തി തൊഴിൽ ചൂഷണം നടക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനമുണ്ടാക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തി തൊഴിൽ ചൂഷണം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം, ആനുകൂല്യങ്ങൾ, നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ് എന്നിവ നൽകുന്നില്ല എന്ന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും സ്ഥാപന പരിശോധനകളിലൂടെ ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 27/05/2017 ന് സംസ്ഥാനത്തെ 100 സ്വകാര്യ ആശുപത്രികളിൽ തൊഴിൽ വകുപ്പ് സ്പെഷ്യൽ പരിശോധന നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകളും നടത്താറുണ്ട്. 2017-ൽ സ്വകാര്യ ആശുപത്രികളിൽ 593 പരിശോധനകൾ നടത്തുകയും 183 പ്രോസിക്യൂഷനും 50 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.